ശ്രീ. ജി. സുധാകരൻ : ഇപ്പോഴത്തെ ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വരുന്നതിനുമുമ്പ് ഈ പദ്ധതിയിൽ നൽകിയിരുന്ന പലിശ എത്രയായിരുന്നു; ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുറച്ച പലിശയുടെ ശതമാനം എത്രയാണെന്നും വ്യക്തമാക്കുമോ?

ശ്രീ. ടി. ശിവദാസമേനോൻ : ഓരോ ഡെപ്പോസിറ്റിനും ഓരോ പലിശ നിരക്കാണ്. അവർ 11 ശതമാനമായി ചുരുക്കി. ഓരോ ഇനത്തിനും പലിശ ചുരുക്കിയിട്ടുണ്ട്.

3 (*212) സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിരോധിക്കാൻ നടപടി

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിരോധിച്ചുകൊണ്ട് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിരോധനം പിൻവലിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നീക്കം നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം റബ്ബർ ഇറക്കുമതി നടത്താനിടയായാൽ സംസ്ഥാനത്തെ റബ്ബർ കർഷകർ കടുത്ത പ്രതിസന്ധിയിലാകുമെന്നത് സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ റബ്ബർ ഇറക്കുമതി തടയുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ;

(എഫ്) റബ്ബറിന്റെ വാങ്ങൽ നികുതി ഒഴിവാക്കിക്കൊണ്ടുള്ള വിജ്ഞാപനം അടിയന്തിരമായി പുറപ്പെടുവിച്ച് എസ്.ടി.സി.യെക്കൊണ്ട് റബ്ബർ സംഭരണം പുനഃരാരംഭിച്ച് അഡ്വാൻസ് ലൈസൻസ് വ്യാപാരികൾക്ക് നൽകി പ്രശ്നം പരിഹരിക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ,

(എ) ഉണ്ട്. റബ്ബർ ഇറക്കുമതിമൂലം സംസ്ഥാനത്തെ റബ്ബർ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും നിരന്തരമായി സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നതിന്റെ ഫലമാണ് റബ്ബറിന്റെ ഇറക്കുമതി നിരോധിച്ചത്.

(ബി) ഇല്ല.

(സി) ടയർ ഉൽപാദകർ നിരോധനം പിൻവലിക്കാൻ സമ്മർദ്ദം ചെലുത്തുന്നതായി അറിയുന്നു.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ഇറക്കുമതി പുനരാരംഭിച്ചാൽ കേരളത്തിലെ റബ്ബർ കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും നിരോധനം തുടരണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(എഫ്)റബ്ബറിന്റെ വാങ്ങൽ നികുതി ഒഴിവാക്കി എസ്.ആർ.ഒ. നമ്പർ:113/2000 നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

അഡ്വാൻസ് ലൈസൻസികൾ ആവശ്യപ്പെട്ടാൽ അന്തർദേശീയ വിലയ്ക്ക് റബ്ബർ വാങ്ങി നൽകുന്നതിന് കേന്ദ്ര സർക്കാർ എസ്.റ്റി.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതേ ആവശ്യത്തിനായി 5000 ടൺ റബ്ബർ മാർക്കറ്റിൽ നിന്ന് വാങ്ങി കരുതൽ ശേഖരമാക്കാൻ എസ്.റ്റി.സി.ക്ക് കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതായും മനസ്സിലാക്കുന്നു.

<u>ശ്രീ. മാമ്മൻ മത്തായി</u> : സർ, റബ്ബറിന് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന സൂചിത വില 34.5 പൈസയാണ്. അതിനുശേഷം വിൽപന നികുതി ഏകീകരണംമൂലവും കേന്ദ്രത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിനെത്തുടർന്ന് വളത്തിന് വീണ്ടും 15 ശതമാനം കൂടി വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സൂചിത വില വളരെ തുച്ഛമാണ്. സൂചിത വില വർദ്ധിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് തോന്നുന്നുണ്ടോ; ഇത് കുറഞ്ഞത് 40 രൂപയായിട്ടെങ്കിലും വർദ്ധിപ്പിച്ച് കിട്ടുന്നതിനു ആവശ്യമായ സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്തുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : റബ്ബറിന്റെ സൂചിത വിലയെക്കാൾ അതിനു സപ്പോർട്ട് പ്രൈസ് പ്രഖ്യാപിക്കണമെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യം. ഈ ആവശ്യം സംബന്ധിച്ച് കേന്ദ്രത്തിലെ ധനകാര്യ വകുപ്പുമന്ത്രി, വാണിജ്യ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി എന്നിവർക്കൊക്കെ നിവേദനം നൽകിയിട്ടുണ്ട്. തുടർന്ന് അത് നടപ്പാക്കി കിട്ടുന്നതിനുള്ള സമ്മർദ്ദം സംസ്ഥാന ഗവൺമെന്റ് ചെലുത്തുന്നതാണ്.

<u>ശ്രീ. മാമ്മൻ മത്തായി</u> : അടുത്ത സാമ്പത്തിക വർഷത്തിൽ റബ്ബർ സംഭരണം കൂടുതൽ കാര്യക്ഷമമാക്കി റബ്ബർ കർഷകരെ രക്ഷിക്കുന്നതിനാവശ്യമായ എന്തെങ്കിലും പുതിയ പദ്ധതികൾ കൃഷി വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കുമോ? അതിന് ആവശ്യമായ പണം ഉൾക്കൊള്ളിക്കുവാൻ കഴിയുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഇപ്പോൾ ഗവൺമെന്റ് ഒരു കിലോയ്ക്ക് മാർക്കറ്റ് വിലയേക്കാൾ .50 പൈസ ഹാന്റ്ലിംഗ് ചാർജ് നൽകിയിട്ടാണ് മാർക്കറ്റിംഗ് ഫെഡറേഷൻ, റബ്ക്കോ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, വെയർ ഹൗസിംഗ് കോർപ്പറേഷൻ ഈ ഏജൻസികളെക്കൊണ്ട് റബ്ബർ ശേഖരിക്കുന്നത്. അടുത്ത 2001 സാമ്പത്തിക വർഷത്തിൽ ഉണ്ടാകുന്ന പ്രതിസന്ധി നോക്കിയിട്ട് റബ്ബർ കർഷകരെ സഹായിക്കുന്നതിന് അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കും.

<u>ശ്രീ. സി.എഫ്. തോമസ്</u> : സർ, വരുന്ന സാമ്പത്തിക വർഷത്തിൽ റബ്ബർ സംഭരണം കാര്യക്ഷമമാക്കണമെങ്കിൽ അതിന് ആവശ്യമായ പണം സംസ്ഥാന ഗവൺമെന്റ് നീക്കിവയ്ക്കണം. നമ്മുടെ സംസ്ഥാനം ഉൽപ്പാദിപ്പിക്കുന്ന റബ്ബറിൽ വലിയൊരു ശേഖരം കെട്ടിക്കിടക്കുന്നുണ്ട്. അത് സംഭരിച്ച് കയറ്റുമതി ചെയ്യുവാൻ ആവശ്യമായ കരുതൽ ധനം വരുന്ന വർഷത്തെ ബഡ്ജറ്റിൽ നീക്കിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഈ ഗവൺമെന്റിന് സാമ്പത്തിക സഹായം ഇപ്പോൾ ഇല്ലാത്തതുകൊണ്ട് റബ്ബർ ശേഖരണത്തിലോ റബ്ബർ കയറ്റി അയക്കുന്നതിലോ തടസ്സം ഉണ്ടായിട്ടില്ല. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് 15,000 ടൺ റബ്ബർ വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതിന് റബ്കോയ്ക്ക് സംസ്ഥാന ഗവൺമെന്റ് അനുമതി കൊടുത്തത്. അതുകൊണ്ടുണ്ടാകുന്ന മുഴുവൻ നഷ്ടവും സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതാണ്. അടുത്ത സാമ്പത്തിക വർഷം ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കും.

ശ്രീ. സി.എഫ്. തോമസ് : കയറ്റുമതി ഒരു ബോർഡ് നടത്തുന്നതു കൊണ്ട് പ്രശ്നം പരിഹരിക്കുകയില്ല. ഈ ഗവൺമെന്റിന്റെ കാലത്ത് കയറ്റുമതി ചെയ്യുന്നതുകൊണ്ട് പ്രശ്നം തീരുന്നില്ല. യഥാർത്ഥത്തിലുള്ള പ്രശ്നം മിച്ച റബ്ബർ പൂർണ്ണമായി സംഭരിച്ച് കയറ്റുമതി ചെയ്യുവാൻ സാധിക്കുന്നുണ്ടോ എന്നതാണ്. ബോർഡിലുള്ള കയറ്റുമതി അല്ലല്ലോ പ്രശ്നം പരിഹരിക്കുവാനുള്ള മാർഗ്ഗം. അതുകൊണ്ട് സംഭരിക്കുന്ന റബ്ബർ ഇവിടെയുള്ള കമ്പോളത്തിൽതന്നെ സംഭരണ ഏജൻസികൾ മറിച്ചു വിൽക്കുന്ന ഇപ്പോഴത്തെ രീതി മാറ്റിക്കൊണ്ട് മിച്ച റബ്ബർ മുഴുവൻ സംഭരിച്ച് കയറ്റുമതി ചെയ്യാനുള്ള പണം നീക്കിവയ്ക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : റബ്ബർ സംഭരണ പ്രശ്നം സംബന്ധിച്ച് റബ്ബർ ബോർഡ് ഓരോ വർഷവും ഗവൺമെന്റിന് നിർദ്ദേശം തരാറുണ്ട്. മാർക്കറ്റിൽ ഉണ്ടാകുന്ന സർപ്ലസ്സിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ ഏജൻസികൾ റബ്ബർ ശേഖരിച്ച് വയ്ക്കുന്നത്. ഒരു ഭാഗം വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കണമെന്നുള്ള ഗവൺമെന്റിന്റെ നയം, ആ നയം അടുത്ത വർഷത്തെ ഈ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തിയിട്ടേ അതിനെക്കുറിച്ച് നമുക്ക് തീരുമാനിക്കുവാൻ പറ്റുകയുള്ളൂ. അത്തരം പ്രതിസന്ധി ഉണ്ടാകുമ്പോൾ തീർച്ചയായിട്ടും ഗവൺമെന്റ് ഇത്തരം നടപടികൾ സ്വീകരിക്കുന്നതിന് മുന്നോട്ടുവരും.

ശ്രീ. കെ.എം. മാണി : സർ, ഈ ഗവൺമെന്റ് കയറ്റുമതിയെപ്പറ്റി സംസാരിക്കാൻ തുടങ്ങിയിട്ട് ഒരു വർഷമായി. സിംഗപ്പൂരിലെ ടോങ്ടൺ കമ്പനിയിൽ നിന്നും 15,000 ടണ്ണിന്റെ ഓർഡർ കിട്ടിയെന്നും, വീണ്ടും ഒരു 15,000 ടണ്ണിന്റെ ഓർഡർ കിട്ടിയെന്നും, ഗവൺമെന്റും അതുപോലെതന്നെ റബ്കോയുടെ മാനേജിംഗ് ഡയറക്ടറും ആവർത്തിച്ച് പ്രസ്താവന ഇറക്കിയിട്ടുണ്ട്. ഇതുവരെ നാമമാത്രമായി 5,000 ടൺ മാത്രമേ കയറ്റുമതി ചെയ്തിട്ടുള്ളൂ. ഇങ്ങനെ മുഴുവൻ കയറ്റുമതി ചെയ്യാത്തതിന്റെ കാര്യം എന്താണ്? പ്രത്യേകിച്ച് ബഹുമാനപ്പെട്ട ഗവൺമെന്റിനോട് ഒരു കാര്യം ഞാൻ പറയാം; ഇപ്പോൾ അന്താരാഷ്ട്ര മാർക്കറ്റിൽ റബറിന്റെ വില കൂടിയിരിക്കുന്നു. ഇപ്പോൾ കയറ്റുമതി ചെയ്യുകയാണെങ്കിൽ വലിയ നഷ്ടം ഉണ്ടാകില്ല. അതുകൊണ്ട് ഉദാസീനത മാറ്റിവച്ചുകൊണ്ട് കൂടുതൽ ക്വാണ്ടിറ്റി റബർ വിദേശത്തേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനുള്ള അടിയന്തിരമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഗവൺമെന്റ് 15,000 ടൺ റബ്ബർ കയറ്റുമതി ചെയ്യുമെന്നാണ് പറഞ്ഞത്. അതിൽ ഇപ്പോൾ കിട്ടിയിടത്തോളം കണക്ക് അനുസരിച്ച് 5,000 ടൺ കയറ്റുമതി ചെയ്തു കഴിഞ്ഞു. അവശേഷിക്കുന്ന 10,000 ടൺ കയറ്റുമതി ചെയ്യാനുള്ള നടപടി വളരെ ഉത്തരവാദിത്തത്തോടുകൂടി റബ്കോ സ്വീകരിച്ച് വരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.എം. മാണി : അങ്ങ് ശ്രീ. മാമ്മൻ മത്തായിയുടെ ചോദ്യത്തിന് ഉത്തരമായി സൂചിത വില ഉയർത്തുന്നതിനെപ്പറ്റി, ഉയർന്ന ഒരു സ്പോർട്ട് പ്രൈസ് കിട്ടുന്നതിനുവേണ്ടി ശ്രമിക്കും എന്ന് പറഞ്ഞു. ഈ പ്രൈസ് എത്ര ആണെന്നുള്ളതല്ല, പ്രഖ്യാപിത വിലയ്ക്ക് റബർ വാങ്ങണം എന്നുള്ളതാണ്. ഇനി ഇതിനെക്കാൾ ഉയർന്നില്ലെങ്കിൽ പോലും പ്രഖ്യാപിത സൂചിത വില യായ 34 രൂപയാണ്. ഈ ഗവൺമെന്റ്, നിയമസഭ പാസാക്കിയ ഒരു പ്രമേയം ഉണ്ട്. കേരള നിയമസഭ പാസ്സാക്കിയ ഒരു കിലോയ്ക്ക് 55 രൂപ എന്ന നിയമപ രമായ, ധാർമ്മികമായ, ആ വിലയ്ക്ക് സംഭരിക്കാനായിട്ടുള്ള ഉത്തരവാദിത്വം, കടമ ഗവൺമെന്റിന് ഉണ്ട്. അതുപോലും ഞങ്ങൾ കൃഷിക്കാർ, ചോദിക്കു ന്നില്ല. ഞങ്ങൾ വിട്ടുവീഴ്ചയ്ക്ക് തയ്യാറാണ്. പ്രഖ്യാപിത സൂചിത വിലയായ 34 രൂപയ്ക്ക് എങ്കിലും ഇവിടെ കെട്ടിക്കിടക്കുന്ന മിച്ച റബർ മുഴുവൻ സംഭ രിച്ച് വെച്ച് കേരളത്തിലെ കൃഷിക്കാർക്ക് ഒരു ന്യായമായ വില ഉറപ്പാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, കേന്ദ്ര ഗവൺമെന്റ് പ്രഖ്യാ പിച്ചിട്ടുള്ള സൂചിത വില മാർക്കറ്റിൽ വരുന്നതുവരെയുള്ള കാലഘട്ടത്തിലാണ് എസ്.റ്റി.സി. റബർ സംഭരിച്ചുകൊണ്ടിരിക്കുന്നത്. ആ നയം തന്നെയാണ് ഇപ്പോഴും തുടരുന്നത്.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, സംഭരിക്കുകയും അത് ഉടനെ മാർക്കറ്റിൽ വിൽക്കുകയും ചെയ്യുന്ന സ്ഥിതിയാണ് നടക്കുന്നത്. അതുകൊണ്ട് കൃഷിക്കാർക്ക് യാതൊരു പ്രയോജനവുമില്ല. സംഭരണം തന്നെ വിഷുകൈ നീട്ടം കൊടുക്കുന്നതുപോലെയാണ്. ആണ്ടിൽ ഒരിക്കലോ രണ്ടു പ്രാവശ്യമോ സംഭരിച്ചതുകൊണ്ട് ഒരു കാര്യവുമില്ല. ഇത് ഒരു നിരന്തരമായ പ്രക്രിയയായി മാറ്റിയെങ്കിൽമാത്രമേ കൃഷിക്കാർക്ക് അതുകൊണ്ട് പ്രയോജനം ഉണ്ടാകുക യുള്ളൂ. അതുകൊണ്ട് ഗവൺമെന്റ് കയറ്റി അയയ്ക്കാൻ നിവൃത്തിയുള്ള ഭാഗ ത്തേയ്ക്ക് അയയ്ക്കുകയും അല്ലാത്തതിന് ഇവിടെ ഉപഭോഗം വർദ്ധിപ്പിക്കു കയും കൂടി ചെയ്യണം. ഈ റബർ കൊണ്ട് ധാരാളം സാമഗ്രികൾ ഇവിടെ ഉണ്ടാക്കാൻ കഴിയും. റബറിനേക്കാൾ കൂടുതൽ ഒരുപക്ഷേ കയറ്റിയയ്ക്കാൻ എളുപ്പം അതായിരിക്കും. ഈ ഹവായ് ചപ്പലിനൊക്കെ വെളിയിലൊക്കെ നല്ല പ്രിയമാണ്. അങ്ങനെയുള്ള സാധനങ്ങൾ ഉണ്ടാക്കി അങ്ങനേയും ഈ കയറ്റു മതി വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കേണ്ടതാണ്. ഏതായാലും കേരള ത്തിലെ ഒരു പ്രധാന കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന ഒട്ടനവധി ആളുക ളുടെ വയറ്റിൽ അടിക്കുന്ന ഒരു ഏർപ്പാടായി ഇതിനെ മാറ്റാതെ എന്തെങ്കിലും മാർഗ്ഗം ഉള്ളത്, നിരന്തരമായ സംഭരണവും നിരന്തരമായ കയറ്റി അയയ്ക്കലും കൊണ്ടു ഈ കൃഷിയെ സഹായിക്കാൻ കഴിയുമോ എന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇപ്പോൾ ഈ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ഏജൻസികൾ നിരന്തരമായിട്ട് റബർ സംഭരിക്കുന്നുണ്ട്. ആ ശേഖരിക്കുന്ന റബർ സ്റ്റോക്കായിട്ട് വെയ്ക്കണമെന്നാണ് ഗവൺമെന്റ് നിർദ്ദേശം കൊടുത്തിട്ടുള്ളത്. ഫെബ്രുവരി 25 വരെയുള്ള കണക്കനുസരിച്ച് 43,235 ടൺ റബർ വിവിധ ഏജൻസികൾ ഇതിനകം ശേഖരിച്ച് സൂക്ഷിച്ച് വെച്ചിട്ടുണ്ട്. അതുപോലെതന്നെ ഈ റബർ അധിഷ്ഠിത വ്യവസായങ്ങൾ നമ്മുടെ സംസ്ഥാനത്ത് പുതുതായിട്ട് സ്ഥാപിക്കുന്നതിന് റബ്കോ ആത്മാർത്ഥമായിട്ടുള്ള സമീപനം സ്വീകരിക്കുന്നുണ്ട്. ആ നടപടികളുമായിട്ട് അവർ മുന്നോട്ട് പോവുകയാണ്.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ഈ സംഭരണം എവിടെനിന്നാ ണെന്ന് ഒന്ന് അന്വേഷിച്ചാൽ തരക്കേടില്ല. മാർക്കറ്റിൽ ഇറങ്ങി ഈ കച്ചവട ക്കാരിൽ നിന്നും റബർ വാങ്ങി സൂക്ഷിച്ചതുകൊണ്ട് പാവപ്പെട്ട കൃഷിക്കാർക്ക് ഒരു പ്രയോജനവുമില്ല. അതുകൊണ്ട് സംഭരണം എവിടെ എത്രയായാലും അതെല്ലാം കൃഷിക്കാരിൽ നിന്നും നേരിട്ട് എടുക്കാനുള്ള നിർദ്ദേശം കൊടു ക്കുകയോ അവർക്ക് ഉപദേശിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, മാർക്കറ്റിൽ സർപ്ലസ് റബർ ശേഖരിക്കണമെങ്കിൽ കൃഷിക്കാരിൽനിന്ന് മാത്രം ശേഖരിച്ചതുകൊണ്ടു സാധ്യമല്ല. കൃഷിക്കാരിൽ നിന്നും ശേഖരിക്കുന്നുണ്ട്, ഡീലേഴ്സിൽ നിന്നും ശേഖരിക്കുന്നുണ്ട്. അങ്ങനെ ശേഖരിച്ചാൽമാത്രമേ മാർക്കറ്റിൽ അധികമായിട്ട് വരുന്ന റബറിന്റെ ഒരു ഭാഗം ശേഖരിച്ച് വെയ്ക്കാനായിട്ട് പെട്ടെന്ന് കഴിയുക യുള്ളൂ. ഈ രണ്ട് സംവിധാനങ്ങളാണ് വിവിധ ഏജൻസികൾ തുടങ്ങിയത്.

ശ്രീ. തോമസ് ചാഴികാടൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറു പടി പറഞ്ഞപ്പോൾ 50 പൈസ അധികം നൽകിയാണ് സംഭരിക്കുന്നത് എന്ന് പറഞ്ഞു. ഇങ്ങനെ 50 പൈസ അധികം നൽകി സംഭരിക്കുന്നതിനായിട്ട് സംസ്ഥാന സർക്കാർ ഇതുവരെ എത്രലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് അറിയാമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, എത്ര ലക്ഷം അല്ല. ഇതിന് കോടികൾ വേണ്ടി വരും. എന്റെ കയ്യിൽ കൃത്യമായിട്ട് കണക്കില്ല. ഞാൻ ബഹുമാനപ്പെട്ട അംഗത്തിന് ഇതുവരെ ഗവൺമെന്റിന് ഇതിനുവേണ്ടി ചെലവ ഴിച്ച തുകയുടെ കണക്ക് കൃത്യമായിട്ട് ലഭ്യമാക്കും.

ശ്രീ. തോമസ് ചാഴികാടൻ : സർ, മറ്റൊരു കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറഞ്ഞിട്ടുണ്ട്, റബറിന്റെ പർച്ചേസ് ടാക്സ് നിറുത്ത ലാക്കുന്നതിന് വേണ്ടിയുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ട് എന്ന്. സ്ഥിരമായിട്ട് നിറുത്തുവാനാണോ അതോ താൽക്കാലികമായിട്ട് നിറുത്തുന്നതിനായി ട്ടാണോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : എസ്.റ്റി.സി. വാങ്ങുന്ന റബ്ബറിന്റെ വാങ്ങൽ നികുതി എസ്.റ്റി.സി യ്ക്ക് 2001 ഡിസംബർ 31-വരെ ഒഴിവാക്കി കൊടുക്കണമെന്നാണ്, ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചി ട്ടുള്ളത്.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചി ട്ടുള്ള സൂചിതവില തന്നെ വളരെ അപര്യാപ്തമാണ്. ഈ വില അനുസരിച്ച് റബ്ബർ സംഭരിക്കുന്നതിന് എസ്.റ്റി.സി ഉണ്ടാക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാം ആണ്, എത്ര ടൺ റബർ ആണ്, എസ്.റ്റി.സി സംഭരിച്ചത്. വിവിധ ഏജൻസികൾ എത്ര ടൺ റബറാണ് സംഭരിച്ചത് എന്നതിനെ സംബന്ധിച്ച് വിശദീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, എസ്.റ്റി.സി കഴിഞ്ഞ് മൂന്ന് വർഷങ്ങളായിട്ട്, തുടർച്ചയായിട്ട് ഞാൻ ഓർമ്മയിൽ നിന്ന് പറയുകയാണ്. ഏകദേശം ഒരു 36,000 ടൺ റബ്ബറാണ് ശേഖരിച്ചിട്ടുള്ളത്. ഈയിടെ അവരുടെ ശേഖരണം നിറുത്തിവെച്ചു. ഇത് ശേഖരിയ്ക്കുന്ന പ്രവർത്തനം തുടരണമെന്ന് കേന്ദ്രത്തിലും നിരന്തരമായി സമ്മർദ്ദം ചെലുത്തിയതിനെത്തുടർന്നാണ് ഇപ്പോൾ ഇവിടത്തെ ലൈസൻസികൾക്ക് അന്തർദേശീയ മാർക്കറ്റിലെ വിലയ്ക്ക് റബർ നൽകുന്നതിന് ശേഖരിക്കണം എന്നും. അവർക്ക് തന്നെ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതിന് വേണ്ടി എസ്. റ്റി.സി 5,000 ടൺ ഒരു കരുതൽ സ്റ്റോക്ക് ആയിട്ട് വെയ്ക്കണമെന്നും കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുള്ളത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ എസ്.റ്റി.സി അതുപോലെ റബ്കോ, റബർ മാർക്കറ്റിംഗ് ഫെഡറേഷൻ, ഇവരെല്ലാം റബർ സംഭരിച്ച് അതും എസ്.റ്റി.സി ഡീലേഴ്സിനോട് വരെ വാങ്ങുന്നു. അത് സംഭരിച്ച് ശേഷം ആ റബർ ഇൻഡ്യയിലുള്ള മാനുഫാക്ചേഴ്സിനു തന്നെ അവർ കൈമാറുകയാണ്. അതിന്റെ ഫലം എന്താണെന്ന് ചോദിച്ചാൽ സാധാരണകാലത്ത് റബ്ബർ ഏറ്റവും yield ഉള്ള സമയത്ത് സംഭരിച്ചിരുന്ന മാനുഫാക്ച്ചറേഴ്സ് ഇപ്പോൾ സംഭരിക്കുന്നില്ല. അവർക്ക് അതിന് ബാങ്കിൽ നിന്നും ലോൺ എടുക്കേണ്ട കാര്യമില്ല. അത് എസ്.റ്റി.സി യും ബാക്കിയുള്ള ആളുകളും ചെയ്യുകയാണ്. അതുകൊണ്ട് ഇവർക്ക് ലാഭം ഈ റബർ തന്നെ മാർക്കറ്റിൽ രണ്ടാമത് വിൽക്കുന്നതാണ്. അതുകൊണ്ട് ഈ സംഭരിക്കുന്ന റബറിന്റെ 75% എങ്കിലും കയറ്റുമതി ചെയ്യാൻ അത് എസ്.റ്റി.സി ആണെങ്കിലും കൊള്ളാം. റബ്കോ ആണെങ്കിലും കൊള്ളാം. സ്വകാര്യ വ്യക്തികൾക്കും അനുവദിക്കാവുന്നതാണ്. എ.പി.കെ നേരിട്ട് ഞങ്ങൾ എക്സ്പോർട്ട് ചെയ്യാൻ തയ്യാറാണ് എന്ന് അവർ പാസാക്കി മെമ്മോറാണ്ടം വരെ നൽകിയതാണ്. അങ്ങനെ വന്നാൽ ഈ റബർ കുറെ ഇന്റർനാഷണൽ മാർക്കറ്റിൽ പോകും. അതിന്റെ ഫലം ഇവിടെ വിലകൂടും. അതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇവിടെ എസ്.റ്റി.സി ആയാലും ശരി, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ആയാലും ശരി, റബ്കോ ആയാലുംശരി ഈ ഏജൻസികളൊക്കെ ശേഖരിക്കുന്ന റബ്ബർ ഒരു നിശ്ചിത കാലം അവർ സൂക്ഷിച്ച് വയ്ക്കുന്നുണ്ട്. എസ്. റ്റി.സി ഓപ്പൺ ലൈസൻസിക്ക് റബ്ബർ കൊടുക്കാൻ വേണ്ടി മാത്രമാണ് ശേഖരിക്കുന്നത്. പിന്നെ ശേഖരിക്കുന്ന റബ്ബറിന്റെ 75% എക്സ്പോർട്ട് ചെയ്യണമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞാൽ അതൊക്കെ സംസ്ഥാന ഗവൺമെന്റിന്റെ സാംപത്തിക പരിമിതിയുമായിട്ട് ബന്ധപ്പെടുത്തിക്കൊണ്ട് മാത്രമേ അങ്ങനെയൊക്കെ തീരുമാനിക്കാൻ പറ്റൂ.

ശ്രീ. പി. രാജു : സർ, റബ്ബർ ഇപ്പോൾ ഇറക്കുമതി നിരോധിച്ച് സാധനങ്ങളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പുതിയ നയം അനുസരിച്ച് അടുത്ത വർഷം മുതൽ വിദേശത്ത് നിന്നും ഏകദേശം 400 ഓളം ഉൽപ്പന്നങ്ങൾ ഇറക്കുമതി ചെയ്യാനുള്ള അനുമതി യഥേഷ്ടം നൽകേണ്ട സാഹചര്യം സംജാതമാകുകയാണ്. അങ്ങനെ വന്നാൽ, അകൂട്ടത്തിൽ റബ്ബർ കൂടി ഇറക്കുമതി വന്നാൽ കേരളത്തിലെ റബ്ബർ കൃഷിക്കാരെ പ്രതികൂലമായി ബാധിക്കുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അതുപോലെതന്നെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രി എന്ന നിലയ്ക്ക് ഞാനും പലവട്ടം കേന്ദ്ര ഗവൺമെന്റിനോട് ഈ ഇറക്കുമതി നിരോധനം ഒരു കാരണവശാലും പിൻവലിക്കരുത് എന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സമ്മർദ്ദം ചെലുത്തിവരുകയാണ്. ഞങ്ങൾക്ക് ഇപ്പോൾ കിട്ടിയിട്ടുള്ള വിവരം അങ്ങനെ നിരോധനം പിൻവലിക്കില്ലാ എന്നുള്ളതാണ്.

ശ്രീ. കെ.പി.എ. മജീദ് : സർ, ഈ റബ്ബർ കർഷകരുടെ പ്രശ്നം ഇവിടെ കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി പ്രശ്നമാണ്. ഇറക്കുമതി ചെയ്യു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിന് കേന്ദ്ര ഗവൺമെന്റിന് അതാത് കാരണങ്ങൾ ഉണ്ടാകും. അതെല്ലാം നമുക്ക് തടഞ്ഞ് നിറുത്താൻ കഴിയുന്ന ഒരു കാര്യമില്ല. ഇപ്പോൾ തൽക്കാലം തടയാൻ കഴിയുമെങ്കിലും അത് ആ ഗവൺമെന്റിന്റെ നയം അനുസരിച്ച് ഇറക്കുമതി നടത്തിക്കൊണ്ടിരിക്കും കേരളത്തിന്റെ ഒരു പൊതുവായ പ്രശ്നം എന്ന നിലയിൽ നമ്മൾ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഈ റബ്ബർ ഉപയോഗപ്പെടുത്തി റബ്ബർ അധിഷ്ഠിത വ്യവസായമാണെങ്കിലും മറ്റുരീതിയായാലും കൃഷിക്കാർക്ക് കൂടുതൽ സംരക്ഷണം കൊടുക്കാൻ വേണ്ടിയുള്ള നടപടികൾ എടുക്കേണ്ടതിനെ സംബന്ധിച്ച് എന്താണ് ഗവൺമെന്റിന്റെ നിലപാടെന്ന് പറയുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, ഞാൻ ഇവിടെ പറഞ്ഞു, ഇവിടെ ഉൽപ്പാദിപ്പിക്കുന്ന റബ്ബർ, അത് ഉപയോഗപ്പെടുത്തി പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്ന കാര്യത്തിൽ റബ്കോ ആണ് വളരെ മുന്നിട്ട് വന്നിട്ടുള്ളത്. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷനും പ്ളാന്റേഷൻ കോർപ്പറേഷനും ഈ രീതിയിൽ ചില പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവിടെ വ്യവസായ വകുപ്പിന്റെ കീഴിൽത്തന്നെ റബ്ബർ പാർക്ക് സ്ഥാപിച്ച് കൂടുതൽ റബ്ബർ ഉപയോഗിക്കുന്നതിന് വേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിച്ച് വരുകയാണ്. ഈ രംഗത്ത് ഇനിയും കൂടേക്കൂടി പുതിയ വ്യവസായ യൂണിറ്റുകൾ സംസ്ഥാനത്ത് ഉയർന്ന് വരേണ്ടതായിട്ടുണ്ട്. എന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

<u>ശ്രീ. എം.വി. ജയരാജൻ</u> : സർ, റബ്ബറധിഷ്ഠിത ഉൽപ്പന്നങ്ങൾ, കയർ എന്നിവയുൾപ്പെടെ ഇറക്കുമതി ചെയ്യാൻ ഉദാരമായി അനുവദിക്കുകയും ഇറക്കുമതി നികുതി 30 ശതമാനത്തിൽ നിന്ന് 16 ശതമാനമായി കുറച്ചുകൊണ്ട് ഇന്നലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ചെയ്ത സാഹചര്യത്തിലാണ് റബ്ബറധിഷ്ഠിത വ്യവസായം കേരളത്തിൽ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നത്. ഇത്തരമൊരു പരിതസ്ഥിതിയിൽ 'റബ്കോ' റബ്ബറധിഷ്ഠിത വ്യവസായങ്ങൾ നടത്തിവരുകയാണ്. ചെരുപ്പുനിർമ്മാണം ഫർണിച്ചർ നിർമ്മാണം ഉൾപ്പെടെ റബ്കോയുടെ വിവിധ യൂണിറ്റുകൾ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ (കോട്ടയം ഉൾപ്പെടെ) ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്. അങ്ങനെ റബ്ബറധിഷ്ഠിത വ്യവസായരംഗത്തിറങ്ങിയിട്ടുള്ള 'റബ്കോ'യെ സഹായിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : റബ്കോ വളരെ വിപുലമായിട്ടുള്ള പരിപാടികളാണ് ഈ രംഗത്ത് ആവിഷ്ക്കരിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തികനയവും പുതിയ ബഡ്ജറ്റും അതിലെ നിർദ്ദേശങ്ങളും തീർച്ചയായിട്ടും റബ്കോ ആരംഭിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് പ്രതികൂലമായിട്ടുള്ള സ്ഥിതിവിശേഷമുണ്ടാക്കും. ആ സ്ഥിതിവിശേഷങ്ങൾ എങ്ങനെയാണ് അവരെ ബാധിക്കുക എന്നുള്ളതു പരിശോധിച്ചശേഷം മാത്രമേ ഇതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുകയുള്ളൂ.

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> : സർ, ഇറക്കുമതിമൂലം നമ്മുടെ രാജ്യത്തിലെ റബ്ബർ കൃഷിക്കാർ വളരെയധികം വിഷമത്തിലാണ്. ബാങ്കുകളിൽ നിന്നും മറ്റും ലോണെടുത്ത് ചില സ്ഥാപനങ്ങൾ നടത്തിയിട്ട് തിരിച്ചടക്കാൻ കഴിയാതെ വളരെ സങ്കീർണ്ണമായ പ്രശ്നങ്ങളെ കൃഷിക്കാർ അഭിമുഖീകരിക്കുകയാണ്. ഇറക്കുമതിനയംമൂലം ദുരിതമനുഭവിക്കുന്ന കൃഷിക്കാർക്ക് കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കാൻ ബഹുമാനപ്പെട്ട മന്ത്രി നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അങ്ങനെ ഒരാവശ്യം ഉയർന്നുവന്നിട്ടില്ല. ആവശ്യം ഉയർന്നുവരുമ്പോൾ എല്ലാ വശങ്ങളും പരിശോധിച്ച് ശേഷം അപ്പോൾ അതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. പി.സി. ജോർജ് : സർ, വ്യവസായങ്ങൾക്കാവശ്യമുള്ള റബ്ബർ എസ്.ടി.സി ആണ് കൊടുക്കുന്നത്. എസ്.ടി.സി സംഭരിക്കാതിരുന്നാൽ സ്വാഭാവികമായും വരുന്ന പ്രശ്നമെന്നു പറയുന്നത്, എസ്.ടി.സി-യിൽ നിന്ന് റബ്ബർ കിട്ടുന്നില്ല എന്നുപറഞ്ഞ് ഇറക്കുമതി വ്യവസായികളുടെ സമ്മർദ്ദം കേന്ദ്ര ഗവൺമെന്റിലുണ്ടാകും. കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശംകൂടിയുള്ള സ്ഥിതിയ്ക്ക് (പർച്ചേസ് ടാക്സ് ഒഴിവാക്കി എന്നു പറയുന്നു) അതിൽ വന്ന കാലതാമസം കൊണ്ടാണ് റബ്ബർ സംഭരണത്തിലുള്ള മാന്ദ്യം എസ്.ടി.സി കാണിച്ചതെന്നാണ് അവരുടെ ആർഗ്യൂമെന്റ്. ആ നിലയ്ക്ക് ഇനിയെങ്കിലും പ്രത്യേകം ശ്രദ്ധിച്ചുകൊണ്ട് പർച്ചേസ് ടാക്സ് ഒഴിവാക്കിക്കൊണ്ട് എസ്.ടി.സിക്ക് ആവശ്യമുള്ള റബ്ബർ സംഭരിക്കാനുള്ള സംവിധാനമേർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : വിൽപ്പനനികുതി ഒഴിവാക്കുന്ന കാര്യത്തിൽ താമസം വന്നില്ല. സമയബന്ധിതമായി അതിന് ഉത്തരവിറക്കി എസ്.ടി.സി. ശേഖരിക്കാൻ നിൽക്കുകയായിരുന്നു. വീണ്ടും കേന്ദ്ര ഗവൺമെന്റിന്റെ ഉത്തരവ് അവർക്കു കിട്ടിയിട്ടുണ്ട്. 5,000 ടൺ ശേഖരിച്ച് സ്റ്റോക്ക് ചെയ്യണമെന്നാണ്. എസ്.ടി.സി-യുടെ കയ്യിൽ റബ്ബർ ആവശ്യത്തിനുണ്ട്. ഏജൻസിയുടെ കയ്യിൽ ആർ.എസ്.എസ്-4 ആവശ്യത്തിനുണ്ട്. ഓപ്പൺ ലൈസൻസിക്ക് ആവശ്യമായ റബ്ബർ കൊടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് തയ്യാറാണെന്ന് കേന്ദ്രത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ് : സർ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന്റെയും പ്ളാന്റേഷൻ കോർപ്പറേഷന്റെയും നേതൃത്വത്തിൽ റബ്ബറധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുമെന്ന് അങ്ങു മന്ത്രിയായനാൾ മുതൽ പ്രഖ്യാപിക്കുന്നുണ്ട്. ഈ പ്രഖ്യാപനം ഈ മന്ത്രിസഭയുടെ കാലാവധി തീരുന്നതിനു മുൻപെങ്കിലും (ഒരിടത്തെങ്കിലും) നടപ്പാക്കാൻ നേതൃത്വം കൊടുക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, വ്യവസായം തുടങ്ങാമെന്നു പറഞ്ഞാൽ പിറ്റേ ദിവസം തുടങ്ങാൻ പറ്റില്ല. അങ്ങേയ്ക്ക് അതറിയാം. ഒരു വിദഗ്ദ്ധസമിതി, റബ്ബർ ബോർഡ് ചെയർമാനടക്കം അംഗമായ സമിതി ഗവൺമെന്റ് ഉണ്ടാക്കി ഒരു പ്രോജക്ട് റബ്ബർ ബോർഡ് തന്നെ തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയും കേന്ദ്ര ഗവൺമെന്റുമായി ചർച്ച ചെയ്യുകയും ചെയ്തു. അതിനാവശ്യമായ മൂലധനത്തിന്റെ 40 ശതമാനം കേന്ദ്രഗവൺമെന്റ് തരണമെന്നാണ് ആവശ്യം. അവർ അത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ചർച്ച തുടർന്നുവരികയാണ്. വളരെ വൈകാതെ തന്നെ രണ്ടു യൂണിറ്റുകൾ തുടങ്ങാൻ കഴിയും.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, റബ്ബർ കൃഷിക്കാരെക്കാളും ദുരിതമനുഭവിക്കുന്നവരാണ് നാളികേര കൃഷിക്കാർ. നാളികേര കൃഷിക്കാരുടെ തൊണ്ടു വാങ്ങി അതു കയറുൽപ്പാദിപ്പിച്ചിട്ട് ആ കയർ കയറ്റി അയയ്ക്കാൻ മാർക്കറ്റില്ലാതെ ഇങ്ങോട്ട് ഇറക്കുമതി ചെയ്യാൻ തീരുമാനമെടുക്കുകയും അതിന്റെ വില കുറയ്ക്കുകയും ചെയ്തതിന്റെ ഫലമായി കയർ വ്യവസായം വലിയ പ്രതിസന്ധിയിലാണ്. കെട്ടിക്കിടക്കുന്ന കയറും കയറുൽപ്പന്നങ്ങളും റബ്ബർ വാങ്ങി കയറ്റുമതി ചെയ്യാൻ തീരുമാനിക്കുന്നതുപോലെ അവയും വാങ്ങി കയറ്റുമതി ചെയ്തുകൊണ്ട് നാലഞ്ചു ലക്ഷത്തോളം വരുന്ന തൊഴിലാ

LIBRARY ARCHIVES Kerala Legislative Assembly

ളികളേയും തെങ്ങു കൃഷിക്കാരെയും രക്ഷിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : കയർ മേഖല വലിയ പ്രതിസന്ധിയിലാണ്. അതു പരിഹരിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് വ്യവസായവകുപ്പുമന്ത്രിയുമായി അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചു വരികയാണ്.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ, റബ്ബറിന്റെ തറവില നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രത്തിൽ നിവേദനം കൊടുത്തിട്ടുണ്ടെന്നു പറയുകയുണ്ടായി. എത്ര രൂപ തറവില പ്രഖ്യാപിക്കണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാണ് ആവശ്യപ്പെട്ടത്? അതിൻമേൽ എന്തു നടപടികളാണ് ഗവൺമെന്റ് തുടർന്ന് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റ് അധികാരത്തിൽവന്ന ശേഷവും ഈ ആവശ്യം ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ ഉന്നയിച്ചിട്ടുണ്ട്. അതിൽ നടപടി എടുക്കേണ്ട കേന്ദ്ര ഗവൺമെന്റാണ്. പ്രൈസ് കമ്മീഷൻ കേരളത്തിൽ വന്ന് റബ്ബറിന്റെ ഉൽപ്പാദനചെലവുമായി ബന്ധപ്പെടുത്തിയാണ് ഇവിടെ വില നിശ്ചയിക്കേണ്ടത്. അങ്ങനെ കമ്മീഷൻ കേരളത്തിൽ വരുമ്പോൾ ഒരു കിലോ റബ്ബർ ഉൽപ്പാദിപ്പിക്കുന്നതിനുണ്ടാകുന്ന ഉൽപാദനച്ചെലവ് എത്രയാണെന്ന് തിട്ടപ്പെടുത്തി ആവശ്യമായിട്ടുള്ള നിവേദനം ഗവൺമെന്റ് സമർപ്പിക്കും.

<u>ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ</u> : സർ, റബ്ബറിന്റെ വിലയിടിവുൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് കേന്ദ്ര ഗവൺമെന്റിന്റെ സാംപത്തികനയത്തിന്റെ ഫലമായി ഗൗരവമുള്ളതായി മാറിയിരിക്കുകയാണ്. ഉൽപാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ടല്ലാതെ ഇതു മുറിച്ചുകടന്നു നമുക്ക് മുന്നോട്ടു പോകാൻ വഴിയില്ല. റബ്ബർ ടാപ്പിംഗിൽ ഇന്നു നിലവവിലുള്ളതിന്റെ 40 ശതമാനം വർദ്ധനവുണ്ടാക്കാൻ സാധിക്കുന്ന രീതിയിലുള്ള പുതിയൊരു ടാപ്പിംഗ് സിസ്റ്റം തിരുവനന്തപുരത്തു തന്നെ ഒരു ശാസ്ത്രജ്ഞൻ വികസിപ്പിച്ചെടുത്ത കാര്യം മലയാളമനോരമ ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങളിൽ വന്നിട്ടുണ്ട്. യാതൊന്നും ചെയ്യാതെ തന്നെ 40 ശതമാനം ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ്. അതിനെ അടിസ്ഥാനപ്പെടുത്തി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള ബോധപൂർവ്വമായ പ്രവർത്തനത്തിന് ഗവൺമെന്റ് മുൻകൈ എടുക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : ഈ കാര്യം റബ്ബർ ബോർഡുമായി ചർച്ച ചെയ്യുന്നതിനും ഇതു എത്രമാത്രം പ്രാവർത്തികമാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ചും പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

4 (*214) സ്റ്റേറ്റ് പെൻഷൻകാരുടെ ആവശ്യങ്ങൾ

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> :

<u>ശ്രീ. കെ.എ. ചന്ദ്രൻ</u> :

<u>ശ്രീ. എ.കെ. മണി</u> :

<u>ശ്രീമതി റോസമ്മ ചാക്കോ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly